ഭരണഭാഷ- മാതൃഭാഷ

# നഗരഗ്രാമാസൂത്രണ വകുപ്പ്
## കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
## (ഹാജർ: ഐഷ പി.എ)

വിഷയം:-മൂടാടി ഗ്രാമപഞ്ചായത്ത്-വാർഡ് നമ്പർ-15,റി.സ 1/1A-ൽപ്പെട്ട 16.04 ആർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന 15/538 നമ്പർ ആശുപത്രി കെട്ടിടത്തോട് കൂട്ടിചേർത്തുള്ള നിർമ്മാണം-ലേ-ഔട്ട്&യൂസേജ് ഓഫ് പ്ലോട്ട് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന:- ഡോ.കെ. ശ്രീനിവാസൻ സമർപ്പിച്ച 22.07.2019ലെ അപേക്ഷ

**<u>ഉത്തരവ് നമ്പർ സി1-2714/2019/കെ.ഡിസ് തീയ്യതി 14/08/2019</u>**

മൂടാടി ഗ്രാമപഞ്ചായത്ത്, വാർഡ് നമ്പർ -15,റി.സ 1/1A-ൽപ്പെട്ട 16.04 ആർ സ്ഥലത്ത് നിലവിലുള്ള 15/538 നമ്പർ ആശുപത്രി കെട്ടിടത്തിന് ഒന്നും, രണ്ടും, മൂന്നും നിലകൾ നിർമ്മിച്ചതും (ഫ്ളോർ ഏരിയ - 2211.85m$^2$) ക്വാർട്ടേഴ്സ് കെട്ടിടം നിർമ്മിച്ചതും (ഫ്ളോർ ഏരിയ - 164.95m$^2$) കൂടി ആകെ 2376.80 ച.മീ വരുന്ന നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) നിർമ്മാണ ചട്ടം-2018 പ്രകാരമുള്ള ഈ ഓഫീസിലെ സി1-2064/2019/kdis, dt.18.07.19 ക്രമവൽക്കരണ ഉത്തരവിലെ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അനുമതി നൽകി ഉത്തരവാകുന്നു.

1) ഫയർഫോഴ്സ് ഡയറക്ടറോ, അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അനുവദിക്കുന്ന അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
2) അംഗപരിമിതർക്കായുള്ള റാമ്പ്, കാർപാർക്കിംഗ്, ടോയ്‌ലെറ്റ് മുതലായവ കെ.പി.ബി.ആർ ചട്ടം-104 പ്രകാരം സൗകര്യപ്പെടുത്തേണ്ടതാണ്.
3) മഴവെള്ള സംഭരണി ചട്ടം 102 പ്രകാരം പ്രായോഗികമായി നിർമ്മിച്ചിരിക്കേണ്ടതാണ്.
4) ചട്ടം 56(8,9) പ്രകാരം മലിനജലം ശുദ്ധീകരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
5) ചട്ടം 56(3) പ്രകാരം ബയോ ചികിത്സാ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിയമാനുസൃതമായ അംഗീകാരം നേടേണ്ടതുമാണ്.
6) ചട്ടം - 103 പ്രകാരം സൗരോർജ്ജ ജല താപന പ്രകാശന സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
7) സമർപ്പിച്ച പാർക്കിംഗ് പ്ലാൻ പ്രകാരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സംവിധാനം, വഴി എന്നിവ പ്രായോഗികമായി നടപ്പാക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം ലഭിച്ച സൈറ്റ് പ്ലാൻ ടി.പി/എൽ.എ/28./2019 എന്ന നമ്പറായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

*Note:ഈ ഉത്തരവ് നിർമ്മാണത്തിന്റെ യൂസേജ് ഓഫ് പ്ലോട്ട് & ലേഔട്ട് അംഗീകാരം മാത്രമാണ്. ചട്ടപ്രകാരമുള്ള നിർമ്മാണാനുമതി/ക്രമവൽക്കരണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും കരസ്ഥമാക്കേണ്ടതാണ്.*

ഐഷ പി.എ
നഗരാസൂത്രക

o/c

പകർപ്പ്:- 1. സെക്രട്ടറി, മൂടാടി ഗ്രാമപഞ്ചായത്ത്
2. അപേക്ഷകന് (1 സെറ്റ് അംഗീകരിച്ച പ്ലാൻ സഹിതം)
3. വെബ്സൈറ്റ്
4. ഫയൽ

DESPATCHED
02/9/19